നം. ഇ.എസ്2-68181/2019/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 29/12/2019

# നോട്ടീസ്

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – കാളകെട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് ശ്രീമതി. സേതുലക്ഷ്മി. എം, സീനിയോറിറ്റി പട്ടികയിലെ അപാകത പരിഹിരക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്-

സൂചന : 1. നം.എ2-7161/2018/ജി.മെ.ഓ(ആ), കോട്ടയം, തീയതി. 25/07/2019
2. പി. എസ്. സി അഡ്വൈസ് നമ്പർ . K II((1) 930/2011/KTM, Dated: 12/12/2012
3. പി. എസ്. സി അഡ്വൈസ് നമ്പർ . K II((1) 930/2011/KTM, Dated: 13/05/2013
4. ഉത്തരവ് നം. എ2-5030/2012/ജി.മെ.ആ, കോട്ടയം, തീയതി. 01.06.2013
5. ഉത്തരവ് നം. ഇ. എസ്2-88500/2014/ആ.വ.ഡ, തീയതി. 26.06.2015

കാളകെട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് ശ്രീമതി. സേതുലക്ഷ്മി. എം ടിയാരി ത്രോൺ ഔട്ടായ ആദ്യ പി. എസ്. സി നിയമനത്തിന്റെ അഡ്വൈസ് തീയതി സീനിയോറിറ്റിക്കായി പരിഗണിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയം അയച്ചുതന്നിരിക്കുന്നു.

ശ്രീമതി. സേതുലക്ഷ്മി. എം സൂചന 2 പ്രകാരമുള്ള കെ. പി. എസ്. സി കോട്ടയം ജില്ലാ ഓഫീസറുടെ ശുപാർശപ്രകാരം ഫിഷറീസ് വകുപ്പിൽ 04.01.2013 ന് ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ഒഴിവിന്റെ അഭാവത്തിൽ പുറത്താക്കപ്പെടുകയും ചെയ്തു. സൂചന 3 പ്രകാരമുള്ള പി. എസ്. സി ശുപാർശ പ്രകാരം 10.06.2013 ൽ ആരോഗ്യവകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. സൂചന 2 പ്രകാരമുള്ള ഒന്നാമത്തെ പി. എസ്. സി ശുപാർശയുടെ തീയതി സീനിയോറിറ്റിക്കായി പരിഗണിക്കണമെന്ന് സൂചന 3 പ്രകാരമുള്ള രണ്ടാമത്തെ പി. എസ്. സി ശുപാർശയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിഗണിക്കാതെ രണ്ടാമത്ത് പി. എസ്. സി ശുപാർശയുടെ തീയതിയായ 13.05.2013 പരിഗണിച്ച് ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. സേതുലക്ഷ്മി. എം ന് 352 –)ം സ്ഥാനമാണ് നൽകിയിട്ടുള്ളത്. എന്നാൽ സൂചന 2 പ്രകാരമുള്ള ആദ്യ പി. എസ്. സി ശുപാർശ തീയതിയായ 12.12.2012 പരിഗണിച്ച് സീനിയോറിറ്റിക്ക് ശ്രീമതി. സേതുലക്ഷ്മി. എം. ന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ കാളകെട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് ശ്രീമതി. സേതുലക്ഷ്മി. എം. ന് ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 318 A സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ടിയാരിക്ക് ഇതേ പട്ടികയിൽ മുൻപ് നൽകിയിരുന്ന 352 എന്ന സ്ഥാനം റദ്ദാക്കുവാനും താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

GOVERNMENT OF KERALA

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Name | Date of Birth | Date of entry in Service | G.O No. | Date of Reckoned for seniority | Old Rank No. | New Rank No. | Remarks |
|---|---|---|---|---|---|---|---|---|
| 1 | Binta Paul | 22.04.1981 | 08.01.2013 | PSC. Adv. No. KII(1) 930/11/KPSC(KTM, Dated: 12.12.2012, A2-5030/2012/DMO(H),KTM, Dt:31.12.2012 | 12.12.2012 | 318 | 318 | |
| 2 | Sethuleksmi.M | 21-03.1976 | 10.06.2013 | PSC. Adv. No. K II((1) 930/2011/KTM, Dated: 12/12/2012, PSC.Adv.No. K II((1) 930/2011/KTM, Dated: 13/05/2013 A2-5030/2012/DMO(H)KTM, Dt: 01.06.2013 | 12.12.2012 | 352 | 318 A | |
| 3 | Sandhya Ramakrishnan | 17.05.1977 | 23.01.2013 | PSC. Adv. No. EV(2) 490/11-5 KPSC,EKM, Dt: 31.12.2012, S2643/2013/DMO(H) EKM, Dt:08.01.2013 | 31.12.2012 | 319 | 319 | |

0456672 GOVERNMENT OF KERALA

ഈ നോട്ടീസിന്മേൽ ആർക്കെങ്കിലും പരാതികളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ബി. എസ്. ബിജു ഭാസ്കർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്
ശ്രീമതി. സേതുലക്ഷ്മി. എം
ക്ലാർക്ക്, പ്രാഥമികാരോഗ്യ കേന്ദ്രം, കാളകെട്ടി, കോട്ടയം

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്
   പ്രാഥമികാരോഗ്യ കേന്ദ്രം, കാളകെട്ടി, കോട്ടയം
3. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

0456654 GOVERNMENT OF KERALA